# കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അക്കാദമിക്സ് ആൻഡ് റിസർച്ച്
പൂക്കോട്, ലക്കിടി. പി. ഒ., വയനാട് – 673 576

ഇ–മെയിൽ: dar@kvasu.ac.in, officedar@kvasu.ac.in.

വെബ്സൈറ്റ്: www.kvasu.ac.in, ഫോൺ: 04936 209263, 209270, 209269


നം: കെ.വി.എ.എസ്.യു /ഡി.എ.ആർ/അക്കാദ്/ബി 1/34839/2022 (ii) പൂക്കോട്, തീയതി: 14/10/2022

## <u>വിജ്ഞാപനം</u>

വിഷയം: കെ.വി.എ.എസ്.യു.– ഡിപ്ലോമ ഇൻ ഡയറി സയൻസ് കോഴ്സ് പാസ്സായവർക്കായി ബി.ടെക് കോഴ്സിന് സംവരണം ചെയ്തിട്ടുള്ള രണ്ടു സൂപ്പർ ന്യൂമററി സീറ്റുകളിലേക്കുള്ള 2022 –23 അധ്യയന വർഷത്തെ പ്രവേശനം – സംബന്ധിച്ച്.

സൂചന : സർവ്വകലാശാലയുടെ 22 /12/2015 തീയതിയിലെ കെ.വി.എ.എസ്.യു/ഡി.എ.ആർ/അക്കാദ് /ബി 1 / 13108 / 2015 (ix) നമ്പർ ഉത്തരവ്.

കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല നടത്തുന്ന ഡിപ്ലോമ ഇൻ ഡയറി സയൻസ് കോഴ്സ് പാസായവർക്കായി ബി.ടെക് (ഡയറി ടെക്നോളജി) കോഴ്സിന് സംവരണം ചെയ്തിരിക്കുന്ന രണ്ടു സൂപ്പർ ന്യൂമററി സീറ്റുകളിലേക്ക് 2022 –23 അധ്യയന വർഷത്തേക്ക് അർഹരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

യോഗ്യത:

- അപേക്ഷകർ ആദ്യ അവസരത്തിൽ ഒ ജി പി എ 6.0 (60% മാർക്ക്) നേടി കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി നടത്തുന്ന ഡിപ്ലോമ ഇൻ ഡയറി സയൻസ് കോഴ്സ് പൂർത്തിയായവരായിരിക്കണം. ഡിപ്ലോമ ഇൻ ഡയറി സയൻസ് കോഴ്സിന് ഒ.ജി.പി.എ. 7.0 ഉം (70% മാർക്ക്) അതിൽ കൂടുതലും നേടി പാസ്സായ വിദ്യാർത്ഥികളെ നേരിട്ട് ബി.ടെക്(ഡയറി ടെക്നോളജി) കോഴ്സിന്റെ മൂന്നാം സെമസ്റ്ററിലേക്കു പരിഗണിക്കുന്നതാണ്

- അപേക്ഷകർ KEAM 2022 പരീക്ഷയിൽ യോഗ്യത നേടിയവർ ആയിരിക്കണം. റാങ്ക് അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുക

അപേക്ഷകർ www.kvasu.ac.in എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷ ഫോറവും ഇതിനായുള്ള സർട്ടിഫിക്കറ്റും ഡൗൺലോഡ് ചെയ്യേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ **"ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി"** എന്ന പേരിൽ എസ് ബി ഐ കൽപ്പറ്റ ശാഖയിൽ മാറാവുന്ന **1000/– രൂപയുടെ** (എസ്.സി/ എസ്.ടി വിദ്യാർത്ഥികൾക്ക് **500/– രൂപ**) ഡിമാൻഡ് ഡ്രാഫ്റ്റ്, , കീം പോർട്ടലിൽ നിന്നു ലഭിക്കുന്ന CANDIDATE'S DATA SHEET, പത്താം ക്ലാസിലേയും പ്ലസ്ടുവിലേയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ കൂടാതെ എസ്.സി/ എസ്.ടി. വിദ്യാർത്ഥികൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ സഹിതം <u>**ഡയറക്ടർ ഓഫ് അക്കാദമിക്സ് ആൻഡ് റിസർച്ച്, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, ലക്കിടി പി.ഒ. വയനാട്–673576**</u> എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷ കവറിന്റെ പുറത്ത് ബി.ടെക് കോഴ്സിൻറെ സൂപ്പർ ന്യൂമററി സീറ്റിലേക്കുള്ള അപേക്ഷ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

**അപേക്ഷ നൽകേണ്ട അവസാന തീയതി: 24/10/2022.**

**ഒപ്പ് /–**
**രജിസ്ട്രാർ**